# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4969 — 23.03.2018-ൽ മറുപടിയ്ക്ക്

**മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷികം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. ഉമ്മർ :** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| എ) മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;<br><br>ബി) ഇതു സംബന്ധിച്ച് ജില്ലകൾ തോറും എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരിക്കുന്നത്; | എ) & ബി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 30.01.2018 ന് ബഹു. മുഖ്യമന്ത്രി കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വച്ച് നിർവ്വഹിക്കുകയുണ്ടായി. പരിപാടികളുടെ സംഘാടനത്തിനായി സംസ്ഥാന ജില്ലാ പ്രാദേശിക തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലുമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച പയ്യന്നൂർ, പാലക്കാട് ശബരി ആശ്രമം, വൈക്കം, തവന്നൂർ, ഗുരുവായൂർ, വെങ്ങാനൂർ എന്നീ 6 സ്ഥലങ്ങളിലാണ് സംസ്ഥാനതല കോർ കമ്മിറ്റി നേരിട്ട് പരിപാടികൾ സംഘടിപ്പിക്കുന്നത്. ജില്ലാ പ്രാദേശികതല പരിപാടികൾ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാന മൊട്ടാകെയും സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കായി സ്കൂൾ കോളേജ് തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഗാന്ധിജിയുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ ആത്മകഥ, രക്തസാക്ഷിത്വം എന്നിവ വിഷയമായി കലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത പരിപാടിക്കായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ; | സി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനായി 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഡി) സമാപന പരിപാടി എന്നത്തേക്ക് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കാമോ? | ഡി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളുടെ സമാപന പരിപാടി 2019 ജനുവരി 30 ന് തിരുവനന്തപുരത്ത് വച്ച് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**